**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2676** **04-03-2025 - ൽ മറുപടിയ്ക്ക്**

**വീട് ഉൾപ്പെടുന്ന ഭൂമി പണയപ്പെടുത്തി അനുവദിക്കുന്ന വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽനിന്ന് വീട് ഉൾപ്പെടുന്ന ഭൂമി പണയപ്പെടുത്തി ലോൺ കൊടുക്കുന്നതിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2023 ൽ വകുപ്പ് 59 എ, കേരള സഹകരണ സംഘം ചട്ട (ഭേദഗതി) 2024 ൽ ചട്ടം 56എ എന്നിവ പ്രകാരം<br><br>(1) പത്ത് ലക്ഷം രൂപ വരെ തുകയ്ക്കുള്ള വായ്പാ അപേക്ഷയുടെ കാര്യത്തിൽ ഈടുവസ്തുവിന്റെ മൂല്യനിർണ്ണയം സംഘം ഭരണസമിതി അധികാരപ്പെടുത്തുന്ന സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥനോ/ ഉദ്യോഗസ്ഥർക്കോ നിർവ്വഹിക്കാവുന്നതാണ്. ഈടു വസ്തുവിന്റെ വിപണിവില പരിഗണിച്ച് ചുമതലപ്പെട്ട ആഫീസർ/ ആഫീസർമാർ വിശദമായ വില നിർണ്ണയ റിപ്പോർട്ട് സമർപ്പിക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിൽ നിർണ്ണയിച്ചിട്ടുള്ള തുകയുടെ 50%-ൽ അധികരിച്ച് വായ്പ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.<br><br>(2) വായ്പാതുക 10 ലക്ഷം രൂപയ്ക്ക് മുകളിൽ ആണെങ്കിൽ, വിലനിർണ്ണയം 5 അംഗങ്ങൾ അടങ്ങിയ ഒരു പാനൽ നിർവ്വഹിക്കേണ്ടതും പ്രസ്തുത പാനലിൽ ചീഫ് എക്സിക്യൂട്ടീവ് അടക്കം രണ്ടു സൂപ്പർവൈസറി കേഡറിലുള്ള ആഫീസർമാരും സംഘം ഭരണസമിതി നാമനിർദ്ദേശം ചെയ്യുന്ന രണ്ടു ഭരണസമിതി അംഗങ്ങളും ഒരു സ്വതന്ത്ര മൂല്യനിർണ്ണയക്കാരനും ഉൾപ്പെടുന്നതാണ്.<br><br>ഭൂമിയുടെ വില നിർണ്ണയിക്കുന്നതിനായി ചുമതലപ്പെടുത്തുന്ന സ്വതന്ത്ര മൂല്യനിർണ്ണയക്കാരൻ, റവന്യൂവകുപ്പിൽ ഡെപ്യൂട്ടി തഹസീൽദാർ പദവിയിൽ കുറയാത്ത റാങ്കിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനോ അഥവാ രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ തസ്തികയിൽ കുറയാത്ത റാങ്കിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനോ ആയിരിക്കേണ്ടതാണ്. മൂല്യനിർണ്ണയം ചെയ്യേണ്ട വസ്തുവിൽ കെട്ടിടം ഉൾക്കൊള്ളുന്നുവെങ്കിൽ പൊതുമരാമത്ത്/തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയം ഭരണ വകുപ്പിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ കുറയാത്ത റാങ്കിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പ്രസ്തുത കമ്മിറ്റി, വസ്തുവിന്റെ വിപണിവില പരിഗണിച്ച് മൂല്യ നിർണ്ണയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതും, റിപ്പോർട്ടിൽ നിർണ്ണയിച്ചിട്ടുള്ള തുകയുടെ 50%-ൽ അധികരിച്ച് വായ്പ അനുവദിക്കാൻ പാടില്ലാത്തതുമാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. |
| (ബി) | ഇക്കാര്യത്തിൽ വകുപ്പ് എന്തെങ്കിലും നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കേരള സഹകരണ സംഘം (ഭേദഗതി) നിയമം, ചട്ടം എന്നിവയിൽ മേൽ പ്രകാരമുള്ള ഭേദഗതി നിലവിൽ വന്നതിനാൽ മറ്റ് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ